ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി ഇതുവരെ 27 കോടി രൂപയും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയ്ക്കായി ഇതുവരെ 29.7 കോടി രൂപയും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(ബി) 16,035 പേർക്ക്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി കൊടുത്തിരിക്കുന്നു. †

(സി) 927.42 ലക്ഷം രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി കൊടുത്തിരിക്കുന്നു. †

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യ കയറ്റുമതി സംബന്ധിച്ച കമ്മീഷൻ

155 (906) ശ്രീ. കെ. ബാബു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമുദ്രോൽപ്പന്ന കയറ്റുമതിമേഖലയിൽ 2001 ജനുവരി 4-ാം തീയതി മുതൽ പണിമുടക്ക് സമരം നടക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളെന്തെന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യ കയറ്റുമതിമേഖലയിലെ വ്യവസായികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ അവയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി ഒരു കമ്മീഷനെ നിയമിച്ചുവോ ;

(ഡി) കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചുവോ ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം എന്ന് പറയുമോ ;

(എഫ്) ഈ ശുപാർശകൾ സ്വീകരിക്കുവാൻ മത്സ്യകയറ്റുമതിക്കാരുടെ സംഘടന തയ്യാറായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടായി.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ടതായ അംശാദായനിരക്ക് ഗണ്യമായി കുറയ്ക്കണമെന്നായിരുന്നു മുഖ്യമായ ആവശ്യം.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി-എഫ്) ബാധകമല്ല.

മത്സ്യോൽപ്പന്നകയറ്റുമതിക്കാരുടെ സമരം

156 (907) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 2001 ജനുവരിയിൽ മത്സ്യോൽപ്പന്ന കയറ്റുമതിക്കാരുടെ സമരം എത്ര ദിവസം നീണ്ടു നിന്നു ;

(ബി) അവരുടെ സമരത്തിന് കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സമരം ഒഴിവാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു ;

(ഡി) ഈ സമരംമൂലം എന്തുവിലയ്ക്കുള്ള മത്സ്യം കയറ്റുമതിക്കാർ വാങ്ങാതിരുന്നിട്ടുണ്ട് ;

(ഇ) സമരത്തിന്റെ ഫലമായി കടൽത്തീരത്തു പട്ടിണി ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഈ കാലത്ത് കടൽത്തീരത്തുള്ളവർക്കും മത്സ്യത്തൊഴിലാളികൾക്കും ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കി ;

(ജി) ഈ സമരം മൂലം മീൻപിടുത്തബോട്ടുടമകൾക്ക് എന്തു നഷ്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(എച്ച്) മീൻപിടുത്തബോട്ട് തൊഴിലാളികൾക്ക് എന്തു നഷ്ടം വന്നു ;

(ഐ) ഫീലിംഗ് ജോലിക്കാർക്ക് എന്ത് നഷ്ടമുണ്ടായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 7 ദിവസം

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ടതായ അംശാദായനിരക്ക് ഗണ്യമായി കുറയ്ക്കണമെന്നതായിരുന്നു മുഖ്യആവശ്യം.

(സി) 3-1-2001-ൽ കയറ്റുമതിക്കാരുടെ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ എബ്രഹാം കമ്മിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ കൈക്കൊള്ളാൻ പോകുന്ന നടപടികൾ വിശദീകരിക്കുകയുണ്ടായി. കയറ്റുമതിക്കാർ വരുത്തിയ കുടിശ്ശിക 40 തുല്യതവണകളായി അടയ്ക്കുവാനുള്ള സാവകാശം അനുവദിക്കുന്നതാണെന്നും അറിയിച്ചു.

(ഡി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly